# കേരള സർവകലാശാല

നം. പി.ആർ.099/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.ബി ഫലം

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ/ ബി.കോം/ ബി.ബി.എ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 29 വരെ ഓൺലൈനായി അപേക്ഷിക്കാം.

### ബി.എ എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ 11-ന് തുടങ്ങുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് മൂല്യനിർണ്ണയം

കേരള സർവകലാശാല നടത്തിയ ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ (2008 & 2013 സ്കീം), എട്ടാം സെമസ്റ്റർ (2008 സ്കീം) ബി.ടെക് പരീക്ഷകളുടെ മൂല്യനിർണ്ണയം കൊല്ലം ടി.കെ.എം എൻജിനീയറിംഗ് കോളേജ്, തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗ് എന്നീ കേന്ദ്രങ്ങളിൽ ജൂൺ 15 മുതൽ തുടങ്ങും. ബന്ധപ്പെട്ട അദ്ധ്യാപകർ അതത് കേന്ദ്രങ്ങളിൽ ഹാജാരാകണം.

### യോഗ: തിയറി/പ്രാക്ടിക്കൽ/വൈവ

കേരള സർവകലാശാല കാര്യവട്ടം വേദാന്ത പഠനകേന്ദ്രത്തിൽ നടത്തുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സിന്റെ തിയറി പരീക്ഷ ജൂൺ 11-നും പ്രാക്ടിക്കൽ, വൈവ എന്നിവ ജൂൺ 12-നും കാര്യവട്ടം സർവകലാശാല പഠനകേന്ദ്രത്തിൽ നടത്തും.

### ബി.എ ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ് - 2013 സ്കീം, 2014 സ്കീം - റഗുലർ ആൻഡ് ഇംപ്രൂവ്മെന്റ്, 2013-ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 30 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭിക്കും.

### എൻ.ആർ.ഐ സീറ്റ് അഡ്മിഷൻ

കേരള സർവകലാശാലയുടെ കീഴിലെ സ്വാശ്രയ സ്ഥാപനമായ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി

കോഴ്സുകളുടെ എൻ.ആർ.ഐ സീറ്റിലേക്കുള്ള കൗൺസലിംഗ് ജൂൺ 15 രാവിലെ 11 മണിക്ക് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ വച്ച് നടത്തും. ഇതുവരെ അപേക്ഷിച്ചിട്ടില്ലാത്തവർ ജൂൺ 15-ന് രാവിലെ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ. 0471-2308874.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
10.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com

website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098